LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം

41 (1095) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലയിൽ അനുവദിച്ച ആർ.എം.എസ്.എ. സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ലഭ്യമാക്കാൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ബാഹം ഹൈസ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2009-10-ൽ എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ച 60 സ്കൂളുകളിൽ ഉൾപ്പെടുന്ന കാസർഗോഡ് ജില്ലയിലെ 13 സ്കൂളുകളിലും 2010-11-ൽ അംഗീകാരം ലഭിച്ച 36 സ്കൂളുകളിൽ ഉൾപ്പെടുന്ന 4 സ്കൂളുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് എച്ച്.എം-1, ഹൈസ്കൂൾ അദ്ധ്യാപകർ-5 (3 വിഷയാദ്ധ്യാപകർ, 2 ഭാഷാദ്ധ്യാപകർ), ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1 എന്ന രീതിയിൽ ഓരോ സ്കൂളിനും വാർഷിക പദ്ധതിയനുസരിച്ച് ശമ്പളം നൽകുന്നുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ബാനം ഹൈസ്കൂൾ എം.എച്ച്. ആർ.ഡി.-യുടെ അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകളിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ ഈ സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം നൽകാൻ ആർ.എം. എസ്.എ.-ക്ക് കഴിഞ്ഞിട്ടില്ല.

ദേശീയ ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായുള്ള അദ്ധ്യാപക നിയമനം

42 (1096) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ അവകാശനിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചത് ; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പാക്കിയത് ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എസ്.എസ്.എ. ഫണ്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ലഭിച്ചത് ; ഓരോ വർഷവും ലഭിച്ച തുക വ്യക്തമാക്കുമോ ;

(ഡി) ലഭിച്ച തുക ഓരോ വർഷവും ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിന് സ്കൂളുകളിൽ പാർട്-ടൈം കായിക അദ്ധ്യാപകരെയും കലാ അദ്ധ്യാപകരെയും നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട് അവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; എപ്രകാരമാണ് നിയമനം നടത്തിയത് ; എപ്രകാരമാണ് ശമ്പളം ; നിയമനം ലഭിച്ചവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(എഫ്) ഇതുവരെ നിയമനം നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് കേരള സ്കൂൾ പാഠ്യപദ്ധതി 2013-ൽ രൂപപ്പെടുത്തുകയും അതനുസരിച്ച് ആരോഗ്യ കായിക പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്കൂൾ കരിക്കുലം 2013 അനുസരിച്ച് ആരോഗ്യ കായിക പഠനം 1, 3 ക്ലാസുകളിൽ മറ്റു വിഷയങ്ങളുടെ പാഠപുസ്തകത്തിൽ ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 5, 7 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്ടിവിറ്റി പാർക്കും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും രൂപപ്പെടുത്തിയിട്ടുണ്ട്. 1,3,5,7 ക്ലാസ്സുകളിൽ ഈ അക്കാദമിക് വർഷം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2015-16 വർഷത്തിൽ 2, 4 ക്ലാസ്സുകളിൽ മറ്റു വിഷയവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിക്കുകയും 6, 8 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്ടിവിറ്റി പാർക്കും അദ്ധ്യാപകർക്ക് ടീച്ചർ ടെക്സ്റ്റും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് റഫറൻസിനു വേണ്ടി എൽ.പി., യു.പി., എച്ച്.എസ്. തലങ്ങളിൽ ഓരോ സോഴ്സ് ബുക്കും തയ്യാറാക്കിയിട്ടുണ്ട്.

(സി&ഡി) സർക്കാരിൽ നിന്നും എസ്.എസ്.എ.-യിലേക്ക് തുക ലഭിച്ചിട്ടുണ്ട്. ഈ തുക ജില്ലാ പ്രോജക്ട് ഓഫീസർമാർ ജില്ലാ ട്രഷറികളിൽ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ വിനിയോഗത്തിനായി കൈമാറിയിട്ടുണ്ട്. ട്രഷറിയിൽ 0202-01-101-97 എന്ന ശീർഷകത്തിലേക്കാണ് തുക മാറ്റി നൽകിയിരിക്കുന്നത്. ലഭ്യമായതും ചെലവഴിച്ചതുമായി തുകയുടെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	അനുവദിച്ച തുക ലക്ഷത്തിൽ	ചെലവഴിച്ച തുക ലക്ഷത്തിൽ
2010-11	5477.80	ചെലവാക്കിയിട്ടില്ല
2011-12	15466.90	1854.46
2012-13	3712.45	1496.80
2013-14	9144.00	8187.46
2014-15	14757.69	.....

(ഇ) 1-10-2011-ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി. ഉത്തരവ് പ്രകാരം വിദ്യാഭ്യാസ അവകാശ നിയമ നിർദ്ദേശം അനുസരിച്ച് എസ്.എസ്.എ. വഴി പാർട്ട് ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ അനുവാദമുണ്ട്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. അധികമായി നിൽക്കുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുവാൻ 5-8-2014-ലെ 44373/ഡി2/ 2014/പൊ.വി. നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം റദ്ദുചെയ്തിട്ടുണ്ട്.

(എഫ്) വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാലും അധികമായി നൽകുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുവാനുള്ള നിർദ്ദേശത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായതിനാലും നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

പ്ലസ് ടു കോഴ്സ് അധിക സ്കൂളുകളും ബാച്ചും അനുവദിച്ച സംബന്ധിച്ച പരാതി

43 (1097) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേണ്ടത്ര പഠനം നടത്താതെ അശാസ്ത്രീയമായി പുതുതായി പ്ലസ് ടു കോഴ്സും അധിക ബാച്ചും അനുവദിച്ചത് സംബന്ധിച്ച പരാതിയെത്തുടർന്ന് നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി വിദ്യാഭ്യാസ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായോ ;

(ബി) നിയമസഭാ പെറ്റീഷൻസ് കമ്മിറ്റിക്ക് സർക്കാർ നൽകിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) അതെ.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly